Muthoottu
salesfokuz Leads to Sales
Bank of Baroda

# സ്റ്റാർട്ടപ്പ് നിക്ഷേപത്തിലൂടെ നേടാം, വലിയ നേട്ടം!

**കേരളത്തിൽ അത്ര പ്രചാരം നേടിയിട്ടില്ലാത്ത, എന്നാൽ ഉയർന്ന നേട്ടം തരുന്ന ആസ്തി വിഭാഗമായി സ്റ്റാർട്ടപ്പ് നിക്ഷേപം മാറുന്നു**

കെ. അജയകുമാർ



**കോ**ളേജിൽ തന്റെ ജൂനിയറായി പഠിക്കുകയും പിന്നീട് സുഹൃത്താകുകയും ചെയ്ത ഒരാൾ ഒരു സ്റ്റാർട്ടപ്പിന് തുടക്കമിട്ടപ്പോൾ അതിലെ പുതുമ കണ്ട് കുറച്ചു പണം നിക്ഷേപിച്ചതാണ് കാസർകോട്ടുകാരനായ യുവ വ്യവസായി അഭിനാഷ് പള്ളത്ത് അബ്ദുള്ള. 2013ൽ സ്റ്റാർട്ടപ്പുകൾ പ്രചാരത്തിൽ വരുന്ന സമയമായിരുന്നു അത്. എഡ്ടെക് മേഖലയിൽ വലിയ വിജയം കൊയ്ത ആ സംരംഭം 'എൻട്രി' ആപ്പും സംരംഭകൻ ഹിസാമുദ്ദീനുമായിരുന്നു.

വർഷങ്ങൾക്ക് ശേഷം അതിലെ 25 ശതമാനം ഓഹരി വിറ്റ അഭിനാഷിന് ലഭിച്ചത് 31 മടങ്ങ് ലാഭം! ഇപ്പോഴും അന്നെടുത്ത ഓഹരിയുടെ 75 ശതമാനവും വിൽക്കാതെ അദ്ദേഹം സൂക്ഷിക്കുന്നുണ്ട്.

കുറച്ചു വർഷം മുമ്പ് വരെ നിക്ഷേപമെന്നാൽ ബാങ്കുകളിലെ സ്ഥിരനിക്ഷേപം മാത്രമായി കണ്ടിരുന്ന മലയാളി, ഇന്ന് വൈവിധ്യമാർന്ന നിക്ഷേപങ്ങൾക്ക് പിന്നാലെയാണ്. ഓഹരി വിപണിയും കടന്ന് ക്രിപ്റ്റോ കറൻസിയിലും സ്റ്റാർട്ടപ്പുകളിലും എത്തിനിൽക്കുന്നു അത്.

## എടുത്തുചാടരുത്

**ഏ**താനും സ്റ്റാർട്ടപ്പുകളുടെ വിജയം കണ്ട് ഈ രംഗത്ത് നിക്ഷേപിക്കാൻ തുനിയരുതെന്നാണ് വിദഗ്ധരുടെ അഭിപ്രായം. സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വിജയ ശരാശരി കേവലം പത്ത് ശതമാനത്തിലും താഴെയാണെന്ന കാര്യം ചൂണ്ടിക്കാട്ടുകയാണ് മലബാർ ഏയ്ഞ്ചൽസ് ഡയറക്ടർ സുഭാഷ് ബാബു.

"സാധാരണ നിക്ഷേപം നടത്തുന്നത് പോലെ സ്റ്റാർട്ടപ്പ് ബിസിനസിൽ ഇടപെടാനോ അഭിപ്രായം പ്രകടിപ്പിക്കാനോ വലിയ അവസരങ്ങൾ നിക്ഷേപകന് ഉണ്ടാവില്ല. സ്റ്റാർട്ടപ്പ് സ്ഥാപകനിൽ ഉള്ള വിശ്വാസവും ക്ഷമയോടു കൂടി കാത്തിരിക്കുക എന്നതുമാണ് ഇത്തരം നിക്ഷേപകർക്ക് വേണ്ട ഏറ്റവും വലിയ ഗുണം. സ്റ്റാർട്ടപ്പ് നിക്ഷേപം റിസ്ക് ഉള്ള നിക്ഷേപം ആണെന്ന കാര്യത്തിൽ തർക്കമില്ല. മാത്രമല്ല, ലാഭം കിട്ടാൻ ആറ് മുതൽ എട്ട് വർഷം വരെ കാത്തിരിക്കേണ്ടി വന്നേക്കാം. പക്ഷേ കിട്ടുന്ന ലാഭം ചിലപ്പോൾ 100 മടങ്ങായിരിക്കും," യുഎഇ എൻട്രപ്രണർ കമ്മ്യൂണിറ്റി സഹ സ്ഥാപകൻ സയ്യിദ് സവാദ് പറയുന്നു.

മറ്റൊരു പോരായ്മ എളുപ്പത്തിൽ പണമാക്കി മാറ്റാനാവില്ല എന്നതാണ്. സംരംഭം വളർന്ന് പ്രീ സീരിസ് ഫണ്ടിംഗിന്റെ ഭാഗമായി വെഞ്ചർ ക്യാപിറ്റലിസ്റ്റുകളും പ്രൈവറ്റ് ഇക്വിറ്റി ഫണ്ടുകളും നിക്ഷേപത്തിനെത്തുമ്പോൾ നിങ്ങളുടെ ഓഹരി പണമാക്കി മാറ്റാനാകും. മാത്രമല്ല, സ്പെഷ്യൽ പർപ്പസ് വെഹിക്കിളിലൂടെ സർക്കാരും കോർപ്പറേറ്റ് കമ്പനികളും സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്താറുണ്ട്. അപ്പോഴും ഏയ്ഞ്ചൽ നിക്ഷേപകർക്ക് എക്സിറ്റ് ചെയ്യാനാകും.

കയ്യിൽ മിച്ചം പണവും ചുരുങ്ങിയത് അഞ്ച് മുതൽ എട്ട് വർഷമെങ്കിലും കാത്തിരിക്കാനുള്ള ക്ഷമയുമുണ്ടോ? നിങ്ങൾക്കുമാകാം ഏയ്ഞ്ചൽ ഇൻവെസ്റ്റർ!

മികച്ചൊരു സ്റ്റാർട്ടപ്പ് കെട്ടിപ്പടുക്കുന്നതിന്റെ സംതൃപ്തി മാത്രമല്ല, ഭാഗ്യം കൂടിയുണ്ടെങ്കിൽ നിക്ഷേപത്തിന്മേൽ വലിയൊരു നേട്ടവുമുണ്ടാക്കാം. എന്നാൽ ഓർക്കുക, സ്റ്റാർട്ടപ്പ് പരാജയപ്പെട്ടുപോയാൽ നിങ്ങളുടെ പണവും പോകും. ആകെക്കൂടിയുള്ള സമ്പാദ്യം എടുത്ത് സ്റ്റാർട്ടപ്പുകളിൽ നിക്ഷേപിക്കരുതെന്ന് സാരം. നിക്ഷേപത്തിൽ വൈവിധ്യം തേടുന്ന, റിസ്ക് എടുക്കാൻ മടിയില്ലാത്ത നിക്ഷേപകർക്ക് തിരഞ്ഞെടുക്കാവുന്ന ഇടമാണിത്.

### സ്റ്റാർട്ടപ്പുകളുടെ കാലം

രാജ്യത്ത് സ്റ്റാർട്ടപ്പ് നിക്ഷേപം കൂടിവരുന്നുണ്ട്. 2012ൽ 4.6 ശതകോടി ഡോളറായിരുന്നു ആകെ ഏയ്ഞ്ചൽ നിക്ഷേപമെങ്കിൽ, 2021ലെ കണക്കനുസരിച്ച് അത് 12.7 ശതകോടി ഡോളറിലെത്തി. ഇടപാടുകൾ 220ൽ നിന്ന് 1113ലെത്തി. ഭൂമി, സ്വർണം, ബാങ്ക് സേവിംഗ്സ്, ഓഹരി നിക്ഷേപം തുടങ്ങിയ സ്ഥാപിത ആസ്തികളുമായി താരതമ്യപ്പെടുത്തുമ്പോൾ തികച്ചും പുതിയ ആസ്തി വിഭാഗമാണിത്. 1.20 ലക്ഷം അംഗീകൃത സ്റ്റാർട്ടപ്പുകളാണ് രാജ്യത്തുള്ളത്. കേരളത്തിൽ ഏകദേശം 5000 എണ്ണവും. സ്പേസ് ടെക്, ഡ്രോൺ, ഐഒടി, ക്വാണ്ടം കംപ്യൂട്ടിംഗ്, ഇ-കൊമേഴ്സ്, വൈദ്യുത വാഹനങ്ങൾ, എഐ, ഡിജിറ്റൽ ലെൻഡിംഗ് തുടങ്ങിയ പുതിയകാല

## ഏയ്ഞ്ചൽ നിക്ഷേപം

**ഇന്ത്യയിൽ**

2012ൽ ₹4.6

2021ൽ ₹12.7

100ലേറെ ഏയ്ഞ്ചൽ നെറ്റ്‌വർക്ക്

10,000 നിക്ഷേപകർ

**കേരളത്തിൽ**

4-5 ഏയ്ഞ്ചൽ നെറ്റ്‌വർക്ക്

200ഓളം നിക്ഷേപകർ

5 വർഷം കൊണ്ട് 64 സ്റ്റാർട്ടപ്പുകളിൽ നിന്ന് ₹350 കോടി നിക്ഷേപം



**അഞ്ചോ പത്തോ സ്റ്റാർട്ടപ്പുകളിൽ നിക്ഷേപിക്കുകയും പത്തു വർഷത്തോളം കാത്തിരിക്കുകയും ചെയ്യുകയാണെങ്കിൽ 25-30 ശതമാനം വരെ വാർഷിക നേട്ടം ഉണ്ടാക്കാൻ കഴിയും.**

**പി.കെ. ഗോപാലകൃഷ്ണൻ**
*ഡയറക്റ്റർ, മലബാർ ഏയ്ഞ്ചൽ നെറ്റ്‌വർക്ക്*



**സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വിജയശതമാനം 10ലും താഴെയാണ്. സാധ്യത ഇല്ലെന്നല്ല. സ്റ്റാർട്ടപ്പുകളിലും എസ്എംഇകളിലും നിക്ഷേപിക്കുന്ന ഹൈബ്രിഡ് മോഡലുകളാണ് കേരളത്തിന് അനുയോജ്യം.**

**സുഭാഷ് ബാബു**
*ഡയറക്റ്റർ, മലബാർ ഏയ്ഞ്ചൽ നെറ്റ്‌വർക്ക്*



**സ്റ്റാർട്ടപ്പിലേത് റിസ്ക് ഉള്ള നിക്ഷേപം ആണെന്ന കാര്യത്തിൽ തർക്കമില്ല. മാത്രമല്ല ലാഭം കിട്ടാൻ ആറ് മുതൽ എട്ട് വർഷം വരെ കാത്തിരിക്കേണ്ടിയും വന്നേക്കാം. പക്ഷേ കിട്ടുന്ന ലാഭം ചിലപ്പോൾ 100 മടങ്ങായിരിക്കും.**

**സയ്യിദ് സവാദ്**
*സഹ സ്ഥാപകൻ, യുഎഇ എൻട്രപ്രണർ കമ്മ്യൂണിറ്റി*



**അടുത്തു പരിചയമുള്ളയാളുടെ സംരംഭം എന്ന നിലയിലായിരുന്നു ആദ്യ സ്റ്റാർട്ടപ്പ് നിക്ഷേപം. അതിലെ 25 ശതമാനം ഓഹരി വിറ്റപ്പോൾ 31 മടങ്ങ് ലാഭം കിട്ടി. മറ്റു 4-5 സ്റ്റാർട്ടപ്പുകളിൽ കൂടി ഇപ്പോൾ നിക്ഷേപമുണ്ട്.**

**അഭിനാഷ് പള്ളത്ത് അബ്ദുള്ള**
*സ്റ്റാർട്ടപ്പ് നിക്ഷേപകൻ*

| നിക്ഷേപം | കറന്റ് അക്കൗണ്ട് | എസ്ബി അക്കൗണ്ട് | സ്വർണം | എൽഐസി | സ്ഥിര നിക്ഷേപം | റിയൽ എസ്റ്റേറ്റ് | മ്യൂച്വൽ ഫണ്ട് | ഓഹരി നിക്ഷേപം | സ്റ്റാർട്ടപ്പ് ഫണ്ടിംഗ് |
|---|---|---|---|---|---|---|---|---|---|
| നേട്ടം | ഇല്ല | 5-7% | 12-15% | 4-6% | 7-9% | 7-10% | 12-15% | 12-15% | 20-30% |
| ലിക്വിഡിറ്റി | പെട്ടെന്ന് | പെട്ടെന്ന് | പെട്ടെന്ന് | പെട്ടെന്ന് | പെട്ടെന്ന് | ഇടത്തരം | ഇടത്തരം | ഇടത്തരം | കുറവ് |

*വിവിധ തരത്തിലുള്ള നിക്ഷേപങ്ങളും അതിന്റെ നേട്ട സാധ്യതയുമാണ് പട്ടികയിൽ*

മേഖലകളിലാണ് സ്റ്റാർട്ടപ്പുകൾ എന്നത് ഇവയുടെ വളർച്ചയെ സഹായിക്കുന്നു.

## ഏയ്ഞ്ചൽ നിക്ഷേപകർ കേരളത്തിലും

നിലവിൽ ഇന്ത്യയിൽ നൂറോളം ഏയ്ഞ്ചൽ നെറ്റ്‌വർക്കുകളും പതിനായിരത്തോളം ഏയ്ഞ്ചൽ നിക്ഷേപകരും ഉണ്ട്. മലബാർ ഏയ്ഞ്ചൽ നെറ്റ്‌വർക്ക് (കണ്ണൂർ), കേരള ഏയ്ഞ്ചൽ നെറ്റ്‌വർക്ക് (കൊച്ചി), സ്പാർക്ക് ഏയ്ഞ്ചൽ നെറ്റ്‌വർക്ക് (കോഴിക്കോട്), ഫിനിക്സ് ഏയ്ഞ്ചൽ നെറ്റ്‌വർക്ക് (തൃശൂർ) പോലെ ഏതാനും ഏയ്ഞ്ചൽ നെറ്റ്‌വർക്കുകൾ കേരളത്തിലുമുണ്ട്. ഏകദേശം ഇരുന്നൂറോളം പേർ മാത്രമാണ് കേരളത്തിൽ സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തിയിരിക്കുന്നതെന്നാണ് ഈ മേഖലയിലുള്ളവർ പറയുന്നത്.

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 64 സ്റ്റാർട്ടപ്പുകളിലായി ഏകദേശം 350 കോടി രൂപ കേരളത്തിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെന്ന് മലബാർ ഏയ്ഞ്ചൽ നെറ്റ്‌വർക്ക് ഡയറക്റ്റർ പി.കെ. ഗോപാലകൃഷ്ണൻ പറയുന്നു.

നൂറോളം അംഗങ്ങളുള്ള മലബാർ ഏയ്ഞ്ചൽ നെറ്റ്‌വർക്കിലുള്ള നിക്ഷേപകർ എട്ട് സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. അഞ്ച് ലക്ഷം മുതൽ 1.5 കോടി രൂപ വരെ നിക്ഷേപം നടത്തിയവരുണ്ട്. ഫണ്ട് ആവശ്യമുള്ള സ്റ്റാർട്ടപ്പുകൾക്കായി പതിവായി പിച്ച് സെഷനുകളും ഇവർ സംഘടിപ്പിക്കുന്നു. അഞ്ചോ പത്തോ സ്റ്റാർട്ടപ്പുകളിൽ നിക്ഷേപിക്കുകയും പത്ത് വർഷത്തോളം കാത്തിരിക്കുകയും ചെയ്യുകയാണെങ്കിൽ 25-30 ശതമാനം വരെ വാർഷിക നേട്ടമുണ്ടാക്കാമെന്ന് ഗോപാലകൃഷ്ണൻ പറയുന്നു. ഏകദേശം 60 സ്റ്റാർട്ടപ്പുകളിൽ അദ്ദേഹത്തിന് നിക്ഷേപമുണ്ട്. ബിസിനസുകാർക്കിടയിലും പ്രൊഫഷണലുകൾക്കിടയിലും ഏയ്ഞ്ചൽ നിക്ഷേപത്തെ കുറിച്ച് അദ്ദേഹം ക്ലാസെടുക്കുന്നുണ്ട്.

മറ്റൊരു പ്രധാന ഏയ്ഞ്ചൽ നെറ്റ്‌വർക്കായ കേരള ഏയ്ഞ്ചൽ നെറ്റ്‌വർക്കിലൂടെ 12 സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. 50 ലക്ഷം രൂപ മുതൽ നാല് കോടി രൂപ വരെ നിക്ഷേപിച്ചവർ ഇക്കൂട്ടത്തിലുണ്ട്. ഫാംടെക്, മീഡിയ ടെക്, എച്ച്ആർ ടെക്, ഡിടുസി തുടങ്ങിയ മേഖലകളിലുള്ള കമ്പനികൾ നിക്ഷേപം സ്വീകരിച്ചവയിൽ ഉൾപ്പെടുന്നു. ഏയ്ഞ്ചൽ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കാൻ ടൈ കേരള ഏറെ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷനും ഇതേ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നുണ്ട്.

## ആർക്കൊക്കെ നിക്ഷേപിക്കാം

ഡോക്ടർമാർ, വ്യവസായികൾ, അഭിഭാഷകർ, അക്കാദമീഷ്യൻമാർ, വിദേശ ഇന്ത്യക്കാർ, ടെക്നോക്രാറ്റുകൾ തുടങ്ങി ഉന്നത വരുമാനമുള്ള ആളുകൾക്ക് തിരഞ്ഞെടുക്കാവുന്ന മികച്ച ആസ്തിവിഭാഗമാണിത്. എന്നാൽ സാധാരണ ബിസിനസുകാർക്കും വരുമാനക്കാർക്കും നിക്ഷേപത്തിന്റെ ചെറിയൊരു ഭാഗം ഇതിൽ പരീക്ഷിച്ചു നോക്കാവുന്നതുമാണ്. നഷ്ടസാധ്യത നിലനിൽക്കുമ്പോൾ തന്നെ ലഭിക്കുന്ന നേട്ടം ആകർഷകമാണെന്നത് സ്റ്റാർട്ടപ്പുകളിലെ നിക്ഷേപങ്ങളുടെ സ്വീകാര്യത കൂട്ടുന്നുണ്ട്.

കുറച്ചുപേരുടെ കൂട്ടായ്മയായും നിക്ഷേപം നടത്താം. കേരളത്തെ സംബന്ധിച്ച് പ്രവാസി മലയാളി സമൂഹമാണ് ഏയ്ഞ്ചൽ ഇൻവെസ്റ്റ്മെന്റിൽ കൂടുതൽ താൽപ്പര്യം പ്രകടിപ്പിച്ചു വരുന്നത്.

## നേട്ടം വലുത്

സ്റ്റാർട്ടപ്പുകളുടെ വിജയത്തിന്റെ അടിസ്ഥാനത്തിലാണ് നിക്ഷേപകന്റെ നേട്ടമെങ്കിലും ഇതിലൂടെ വലിയ നേട്ടമുണ്ടാക്കിയവർ നമുക്ക് മുന്നിലുണ്ട്. ബാങ്ക് നിക്ഷേപങ്ങൾ ഏഴ് മുതൽ ഒമ്പത് ശതമാനം വരെയും ഭൂമി, സ്വർണം മുതലായവ 10 മുതൽ 15 ശതമാനം വരെയും മ്യൂച്വൽ ഫണ്ടുകൾ ഉൾപ്പെടെയുള്ള ഓഹരിയധിഷ്ഠിത നിക്ഷേപങ്ങൾ ശരാശരി 15 ശതമാനം വരെയും നേട്ടം നൽകുമ്പോൾ 30 ശതമാനമൊക്കെ നേട്ടം നൽകാൻ സ്റ്റാർട്ടപ്പുകൾക്ക് സാധിച്ചിട്ടുണ്ട്.

## ഹൈബ്രിഡ് പരിഹാരം

നിക്ഷേപകരെ സംബന്ധിച്ചിടത്തോളം നഷ്ടസാധ്യത കുറച്ച് നിക്ഷേപം മികവുറ്റതാക്കാൻ വേണ്ടത് ഹൈബ്രിഡ് മോഡൽ റൂറൽ ഏയ്ഞ്ചൽ ഇൻവെസ്റ്റേഴ്സ് ഗ്രൂപ്പ് ആണെന്ന് സുഭാഷ് ബാബു പറയുന്നു. സ്റ്റാർട്ടപ്പുകളുടെ നവീനതയും ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സ്ഥിരതയും കൂടിച്ചേരുന്ന ഒരു നിക്ഷേപ അവസരം അവർക്ക് മുന്നിലുണ്ടാവണം. ഉയർന്ന റിസ്കിൽ ഉയർന്ന നേട്ടവും ഉറപ്പുള്ള കുറഞ്ഞ നേട്ടവുമാകുമ്പോൾ നിക്ഷേപകർക്ക് വലിയ തിരിച്ചടി ഉണ്ടാകാതെ നോക്കാനാകും. ■




